MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.C1/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 നവംബർ 3

മഹാത്മാഗാന്ധി സർവകലാശാലയിൽ സരൾ എഐ ശിൽപ്പശാല സംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ എഎൻആർഎഫ് - പെയർ പദ്ധതിയുടെ ഭാഗമായി സരൾ എഐ ശിൽപ്പശാല സംഘടിപ്പിച്ചു.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.

ഗവേഷണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടാനും സങ്കീർണമായ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്താനും നിർമ്മിതബുദ്ധി സഹായിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

സാങ്കേതികവിദ്യ ആശയവിനിമയത്തെ ജനാധിപത്യവൽക്കരിച്ചപ്പോൾ നിർമ്മിതബുദ്ധി അറിവിനെ ജനാധിപത്യവൽക്കരിച്ചു. പതിവ് ജോലികൾ നിർമ്മിതബുദ്ധി ഏറ്റെടുക്കുന്നതോടെ നമുക്ക് ലഭ്യമാകുന്ന അധിക സമയം ഉത്തരവാദിത്തത്തോടെ വിനിയോഗിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് മുഖ്യപ്രഭാഷണം നടത്തി.

സരൾ എഐ പരിശീലനത്തിന് ഹൈദരാബാദ് ഐഐഐടിയിലെ പ്രൊഫസറും അനുസന്ധൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ വിസിറ്റിംഗ് സയന്റിസ്റ്റുമായ പ്രൊഫ. പൊന്നുരംഗം കുമാരഗുരു നേതൃത്വം നൽകി.

സങ്കീർണ്ണമായ ശാസ്ത്ര-സാങ്കേതിക പ്രബന്ധങ്ങളും പേറ്റന്റുകളും സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും മനസ്സിലാകുന്ന ഭാഷയിലേക്ക് മാറ്റാനും, ലളിതമായ വീഡിയോകൾ, പോഡ്കാസ്റ്റുകൾ, പ്രസന്റേഷൻ സ്ലൈഡുകൾ,

പോസ്റ്ററുകൾ എന്നിവ തയ്യാറാക്കാനും മറ്റും ഉപയോഗിക്കാവുന്ന സംവിധാനമാണ് സരൾ എ. ഐ.. ഐ.ഐ.ഐ.ടി. ഹൈദരാബാദിന്റെ സഹായത്തോടെ എ.എൻ.ആർ.എഫ്. ആണ് സരൾ (സിംപ്ലിഫൈഡ് ആൻഡ് ഓട്ടോമേറ്റഡ് റിസർച്ച് ആംപ്ലിഫിക്കേഷൻ ആൻഡ് ലേണിംഗ്) എഐ വികസിപ്പിച്ചെടുത്തത്.

സരൾ എഐയുടെ സാധ്യതകളും വിവിധ മേഖലകളിലെ ഉപയോഗങ്ങളും അദ്ദേഹം പരിചയപ്പെടുത്തി. നിരവധി ഇന്ത്യൻ ഭാഷകളിലേക്ക് ഉള്ളടക്കം വിവർത്തനം ചെയ്യുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിനും സരൾ എഐ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് അദ്ദേഹം വിശദീകരിച്ചു.

സരൾ എഐയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗം, ഗവേഷണ ഫണ്ടിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു.

കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വിഭാഗം അധ്യാപിക ഡോ. ഷീബ കെ., എ ഐ അധിഷ്ഠിത കമ്പ്യൂട്ടേഷണൽ ബയോളജിയും, ബയോഇൻഫർമാറ്റിക്സ് മേഖലകളിലെ നൂതന സാങ്കേതികവിദ്യകളും ഉപകരണങ്ങളും അവയുടെ പ്രയോഗങ്ങളും പരിചയപ്പെടുത്തി.

ശിൽപ്പശാലയിൽ അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു.

എഎൻആർഎഫ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) ഇ.കെ. രാധാകൃഷ്ണൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് പ്രൊഫസർ പ്രൊഫ. (ഡോ.) എസ്. അനസ് ആശംസകൾ നേർന്ന. സ ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ഡയറക്ടർ പ്രൊഫ. (ഡോ.) ജ്യോതിഷ ജെ. നായർ നന്ദി രേഖപ്പെടുത്തി.

ഫോട്ടോ ക്യാപ്ഷൻ: വൈസ് ചാൻസലർ പരിപാടി ഉദ്ഘാടനം ചെയ്യുന്നു.

2

മഹാത്മാഗാന്ധി സർവകലാശാലയിൽ നാനോസയൻസ് പ്രഭാഷണം

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ജൈവവിഘടനത്തിൽ പ്രോട്ടീൻ എൻജിനീയറിങ്ങിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു. ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ ഐ.ഐ.യു.സി.എൻ.എൻ വിസിറ്റിംഗ് പ്രൊഫസറും

ഇറ്റലിയിലെ ഗവേഷകനുമായ പ്രൊഫ. ജിയാൻലൗറോ കാസോളിയാണ് പ്രഭാഷണം നടത്തുന്നത്

നവംബർ നാലിന് ഉച്ചക്ക് 2.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലാണ് പരിപാടി.

പ്ലാസ്റ്റിക് വിഘടനത്തിൽ പങ്കുവഹിക്കുന്ന എൻസൈമുകളുടെ പ്രവർത്തനരീതികളും മ്യൂട്ടജെനസിസ് സാങ്കേതികവിദ്യകളിലൂടെ അവയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള സാധ്യതകളും പ്രഭാഷണത്തിൽ ചർച്ച ചെയ്യും.

ബയോടെക്നോളജി, മെറ്റീരിയൽസ് സയൻസ്, സുസ്ഥിര വികസനം എന്നീ മേഖലകളിലെ ഗവേഷകർക്കും വിദ്യാർഥികൾക്കും പ്രഭാഷണം പ്രയോജനപ്പെടും. പ്ലാസ്റ്റിക് മലിനീകരണത്തിന് ജൈവസാങ്കേതികവിദ്യയിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള പുതിയ ഗവേഷണ സാധ്യതകൾ പരിചയപ്പെടുത്തുന്നതും പരിപാടിയുടെ ലക്ഷ്യമാണ്. വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവർക്ക് പങ്കെടുക്കാം.

പി.ആർ.ഒ/982/2026

വാക്ക്-ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓവർസിയർ ഗ്രേഡ് II (സിവിൽ) തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നു. സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് നവംബർ 17-ന് രാവിലെ 10 മണിക്ക് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കുന്ന വാക്ക്-ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

വിവരങ്ങൾക്ക്: www.mgu.ac.in.

പി.ആർ.ഒ/983/2026

പരീക്ഷാഫലം

പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷൻ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ്) 2015-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷൻ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി (ഓണേഴ്സ്) 2016-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/984/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്-2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2027 പരീക്ഷകൾക്ക് നവംബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 26 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 27 വരെയും അപേക്ഷ സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ എംഎ ഭരതനാട്യം, കഥകളി വേഷം, കഥകളി സംഗീതം, മൃദഗം, മോഹിനിയാട്ടം, മ്യൂസിക് വീണ, മ്യൂസിക് വയലിൻ, മ്യൂസിക് വോക്കൽ, ചെണ്ട, മദ്ദളം (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പി.ആർ.ഒ/985/2026

പരീക്ഷാ തീയതി

പിജി പാരാമെഡിക്കൽ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ നവംബർ 18 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ എംഎസ്.സി, എംകോം (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 17 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ എംഎ, എംഎസ്ഡബ്ലു, എംഎജെഎംസി,എംറ്റിറ്റിഎം,എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 17 മുതൽ നടക്കും.

പി.ആർ.ഒ/986/2026

പബ്ലിക് റിലേഷൻസ് ഓഫീസർ